# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.61/PR/PIC/PHQ/18 Date : 11.03.2018

---

**പോലീസിന് ജാഗ്രതാ നിർദ്ദേശം നൽകി.**

ന്യൂനമർദ്ദം മൂലം സംസ്ഥാനത്ത്, വിശേഷിച്ചും തെക്കൻ കേരളത്തിൽ അടുത്ത മൂന്നുദിവസം കനത്ത കാറ്റിനും മഴക്കും സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ നിരീക്ഷണ വകുപ്പിന്റെ മുന്നറിയിപ്പുള്ളതിനാൽ, തീരമേഖലയിലും മറ്റ് ഇടങ്ങളിലും ജാഗ്രത പുലർത്താനും ആവശ്യം വരുന്ന സന്ദർഭങ്ങളിൽ രക്ഷാപ്രവർത്തനത്തിന് മുന്നിട്ടിറങ്ങാനും സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ ജില്ലാ പോലീസ് മേധാവിമാർക്കും കോസ്റ്റൽ പോലീസിനും നിർദ്ദേശം നൽകി. മത്സ്യതൊഴിലാളികൾ ഉൾപ്പെടെ എല്ലാവരും അധികൃതരുടെ സുരക്ഷാ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കണമെന്നും പോലീസിന്റെ ക്രമീകരണങ്ങളോട് എല്ലാവിധത്തിലും സഹകരിക്കണമെന്നും പൊതുജനങ്ങളോടും സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചു.

******